(സി) അതിൽ എത്ര എണ്ണത്തിന് ഈ ഇളവ് അനുവദിച്ചിട്ടുണ്ട് ;

(ഡി) വിദ്യുച്ഛക്തി ബോർഡ് ഏർപ്പെടുത്തിയിരിക്കുന്ന കൺസ്യൂമർ കോൺട്രിബ്യൂഷന്റെ മാനദണ്ഡമെന്താണ് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഇരുപത്തിയൊന്ന്.

(ബി) ഇതിനുള്ള അപേക്ഷകൾ ബോർഡിനല്ല സർക്കാരിനാണ് ലഭിക്കേണ്ടത്. സർക്കാരിന് ഇതുവരെ 27 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റിൽ എട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് (ആകെ 35).

(സി) ഇരുപത്തിയൊന്ന്.

(ഡി) വിദ്യുച്ഛക്തി കണക്ഷൻ കിട്ടുന്നതിന് സ്വത്തേയോ എസ്റ്റേറ്റിനോ തുക ബോർഡിലേക്ക് അടയ്ക്കുന്നവർക്ക് അതനുസരിച്ച് കണക്ഷൻ നൽകുന്നതിൽ മുൻഗണന കൊടുക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി

* 228. [250] ശ്രീ. കെ. ടി. കുണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിളകൾക്കാണ് ഈ പദ്ധതി ബാധകമാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് എത്ര വീതം ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) നെൽക്കൃഷിക്കുമാത്രം.

(സി) 1985-ൽ ഒന്നാം വിളയ്ക്ക് (വിരിപ്പു) 7823 കൃഷിക്കാർക്കും രണ്ടാംവിളയ്ക്ക് 1212 കൃഷിക്കാർക്കും മൂന്നാംവിളയ്ക്ക് 80 കൃഷിക്കാർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) 1985 (ഒന്നാംവിള)

ആലപ്പുഴ	—	4441
കോട്ടയം	—	3374
തൃശ്ശൂർ	—	8
1985 (രണ്ടാംവിള)		
പാലക്കാട്	—	390
കോട്ടയം	—	789
ആലപ്പുഴ	—	6
തൃശ്ശൂർ	—	27
1985-86 (മൂന്നാംവിള)		
പാലക്കാട്	—	60

LIBRARY ARCHIVES Kerala Legislative Assembly